(സി) 1628 പരാതികൾ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവക്കെതിരെയാണ് ഈ കേസുകൾ നിലവിലുള്ളത്.

(ഡി) 410

(ഇ) ഓംബുഡ്സ്മാന്റെ അന്വേഷണത്തിന്റെ വെളിച്ചത്തിൽ വയനാട് ജില്ലയിലെ ഒരു ഉദ്യോഗസ്ഥയെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(എഫ്) ഇപ്പോഴത്തെ സംവിധാനത്തിൽ പ്രവർത്തിക്കുന്നതിൽ നിന്നും ഉണ്ടാകുന്ന നേട്ടങ്ങൾ അവലോകനം ചെയ്തശേഷം ആവശ്യമെങ്കിൽ വേണ്ട ഭേദഗതികൾ വരുത്താവുന്നതാണ്. ഓംബുഡ്സ്മാന്റെ പ്രവർത്തനം പൂർണ്ണമായ തോതിൽ നടക്കുന്നതിനാവശ്യമായ ജീവനക്കാരെ ലഭിച്ചിട്ടില്ലാത്തതിനാൽ ഇതു വരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി ഒരു തീരുമാനം കൈക്കൊള്ളുവാൻ നിർവാഹമില്ല.

ബിവറേജസ് കോർപ്പറേഷൻ മദ്യം വാങ്ങുന്നതിനായിട്ടുള്ള മാർഗ്ഗരേഖകൾ

9 (*68) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ കരാർ അടിസ്ഥാനത്തിൽ വിദേശ മദ്യം വാങ്ങുന്നതിന് അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ അപേക്ഷകളിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(സി) ബിവറേജസ് കോർപ്പറേഷൻ മദ്യം വാങ്ങുന്നതിനായിട്ടുള്ള മാർഗ്ഗ രേഖകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത മാർഗ്ഗരേഖയുടെ കോപ്പി ലഭ്യമാക്കുമോ ; ഈ മാർഗ്ഗരേഖകളിലെ ചട്ടങ്ങൾ ലംഘിച്ചുകൊണ്ടാണോ പ്രസ്തുത അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചതെന്ന് വിശദമാക്കാമോ ;

(ഇ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മദ്യത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) വിദേശ മദ്യവിതരണത്തിനായി എല്ലാ വർഷവും കോർപ്പറേഷൻ വിദേശ മദ്യ/ബിയർ ഉൽപ്പാദകരിൽ നിന്നും റേറ്റ് കോൺട്രാക്ട് വ്യവസ്ഥയിൽ അപേക്ഷ ക്ഷണിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റേറ്റ് കോൺട്രാക്ട് വ്യവസ്ഥകൾ പാലിച്ചുള്ള അപേക്ഷകൾ മാത്രം സ്വീകരിച്ച് മദ്യം വാങ്ങുന്നതിനുള്ള നടപടികൾ ഡയറക്ടർ ബോർഡ് തീരുമാനിച്ചു നടപ്പിലാക്കുന്നു.

(സി) ഉണ്ട്.

(ഡി) മാർഗ്ഗരേഖയുടെ കോപ്പി അനുബന്ധമായി വയ്ക്കുന്നു.* പ്രസ്തുത മാർഗ്ഗരേഖകളനുസരിച്ചാണ് അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നത്. എന്നാൽ സർക്കാർ ഉടമസ്ഥതയിലുള്ള ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് എന്ന സ്ഥാപനത്തിന് ബിഗ് യൂണിറ്റ് എന്ന പരിഗണന വച്ച് ചില ഇളവുകൾ ചെയ്യാറുണ്ട്.

(ഇ) വിതരണം ചെയ്യപ്പെടുന്ന പ്രത്യേകം ബാച്ച് നമ്പർ പ്രകാരമുള്ള മദ്യം/ബിയർ ഏതെങ്കിലും ഗവൺമെന്റ് ലബോറട്ടറിയിൽ പരിശോധിച്ച് 'ഫിറ്റ് ഫോർ ഹ്യൂമൻ കൺസംഷൻ' എന്ന സർട്ടിഫിക്കറ്റ് നൽകിയാൽ മാത്രമേ കോർപ്പറേഷൻ അതിന്റെ വിൽപ്പന നടത്താറുള്ളൂ. കൂടാതെ ഇടക്കിടെ സാമ്പിളുകൾ എടുത്ത് കോർപ്പറേഷൻ തന്നെ കേരള ചീഫ് കെമിക്കൽ ലബോറട്ടറിയിൽ പരിശോധന നടത്തിച്ച് നിലവാരം ഉറപ്പുവരുത്തുകയും നിലവാരം ഇല്ലാത്തവയുടെ വില്പന നിർത്തിവയ്ക്കുകയും ചെയ്യുന്നു. കോർപ്പറേഷൻ വാങ്ങുന്ന മദ്യത്തിന്റെ കൂടെ ഡിസ്റ്റിലറിയുടെ ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ 'ഇ.എൻ.എ. യൂണിറ്റ് സർട്ടിഫിക്കറ്റ്'- ഉം നിർബന്ധമാക്കാറുണ്ട്. വിതരണം ചെയ്യുന്നവരുടെ ഡിസ്റ്റിലറികൾ കോർപ്പറേഷൻ ഉദ്യോഗസ്ഥന്മാർ കൂടെ കൂടെ പരിശോധിക്കാറുമുണ്ട്.

വായ്പാ നിക്ഷേപ അനുപാതം

10 (*70) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വായ്പാ നിക്ഷേപ അനുപാതം ഇപ്പോൾ എത്രയാണ് ;

(ബി) അയൽ സംസ്ഥാനങ്ങളിൽ ഇതെത്ര വീതമാണെന്ന് അറിയിക്കുമോ ;

(സി) കേരളത്തിൽ വായ്പ നിക്ഷേപ അനുപാതം കുറയുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ് ;

(ഡി) ഇവയ്ക്ക് പരിഹാരം ഉണ്ടാക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly